"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ശ്രീമതി സിന്ധു ബാലകൃഷ്ണൻ ഫയൽ ചെയ്ത OA 1571/2025-ന്മേലുള്ള 11/09/2025 ലെ അന്തിമ ഉത്തരവ് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2658/2025/LSGD തീയതി,തിരുവനന്തപുരം, 04-11-2025

---

പരാമർശം:-

1. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21.07.2025 ലെ LSGD/PD/20449/2025-DEA3 നമ്പർ നടപടി ക്രമം.
2. ശ്രീമതി സിന്ധു ബാലകൃഷ്ണൻ സമർപ്പിച്ച 31/07/2025 ലെ അപേക്ഷ
3. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 01.09.2025 ലെ LSGD/PD/1785/2025-DEA3 നമ്പർ നടപടി ക്രമം.
4. OA No.1571/2025 കേസിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 11/09/2025 ലെ ഉത്തരവ്
5. സംസ്ഥാന ഇലക്ഷൻ കമ്മീഷന്റെ 03.10.2025-ലെ B2/101/2025-SEC നമ്പർ ഉത്തരവ്
6. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 24.10.2025 ലെ LSGD/PD/30676/2025-DEA3 നമ്പർ കത്ത്.

**ഉത്തരവ്**

വീയപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീമതി സിന്ധു ബാലകൃഷ്ണൻ-ന് 2025-ലെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ സൗകര്യപ്രദമായ സ്റ്റേഷനിലേക്ക് സ്ഥലംമാറ്റം അനുവദിക്കാത്തതിനെതിരെ ടിയാൾ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA 1571/2025 ഫയൽ ചെയ്തിരുന്നു. ടി കേസിന്മേലുള്ള ബഹു. ട്രിബ്യൂണലിന്റെ പരാമർശം (4) ഉത്തരവിൽ അപേക്ഷകയുടേയും നാലാം എതിർകക്ഷി ഉൾപ്പെടെയുള്ളവരുടെയും വാദം കേട്ട ശേഷം, ഉത്തരവിന്റെ പകർപ്പ് ലഭിച്ച് മൂന്ന് മാസത്തിനുള്ളിൽ ടിയാളുടെ Annexure-A 5 അപേക്ഷ പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുവാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് നിർദ്ദേശിക്കുകയുണ്ടായി.

2) പരാമർശം (4) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹർജി കക്ഷിയേയും നാലാം എതിർ കക്ഷിയേയും വകുപ്പ് പ്രതിനിധിയുടെ സാന്നിദ്ധ്യത്തിൽ സർക്കാർ തലത്തിൽ നേരിൽ കേൾക്കുകയുണ്ടായി.

i) <u>ശ്രീമതി സിന്ധു ബാലകൃഷ്ണൻ ഉന്നയിച്ച വാദങ്ങൾ</u>

*തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സീനിയർ സെക്രട്ടറി/ സെക്രട്ടറിമാരുടെ ആലപ്പുഴ ജില്ലാതല സ്റ്റേഷൻ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലുള്ള അന്തിമ ക്യൂ ലിസ്റ്റിൽ ക്യൂ നമ്പർ അഞ്ചാമതായി ഉൾപ്പെട്ടിട്ടുള്ളതാണ്. ടി ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ട ഒന്ന് മുതൽ നാല് വരെയുള്ള എല്ലാവർക്കും 2025 ജനറൽ ട്രാൻസ്ഫർ ഉത്തരവിൽ അവർ ആവശ്യപ്പെട്ട സ്ഥലംമാറ്റം ലഭിച്ചിട്ടുള്ളതും എന്നാൽ എനിക്ക് ആവശ്യപ്പെട്ട സ്ഥലംമാറ്റം ലഭിച്ചിട്ടില്ലാത്തതുമാണ്. ആയതിനാൽ 2025 ജനറൽ ട്രാൻസ്ഫർ അപേക്ഷയിൽ ഞാൻ ആവശ്യപ്പെട്ടിട്ടുള്ള മുതുകുളം ബ്ലോക്ക് പഞ്ചായത്ത്, ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ ഭാവിയിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് എന്നെ പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 02/08/2025 തീയതിയിൽ ജോയിന്റ് ഡയറക്ടർ, ആലപ്പുഴ വഴി ഉചിത മാർഗ്ഗേണ പ്രിൻസിപ്പൽ ഡയറക്ടർക്ക് അപേക്ഷ നൽകിയിട്ടുള്ളതും അഡ്വാൻസ് കോപ്പി നേരിട്ട് പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിൽ നൽകിയിട്ടുള്ളതുമാണ്. എന്നാൽ 01/09/2025 തീയതിയിലെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/1785/2025-DEA3 നമ്പരായുള്ള സീനിയർ സെക്രട്ടറി/ സെക്രട്ടറി തസ്തികയിലെ സ്ഥലംമാറ്റ ഉത്തരവിൽ അന്തിമ ക്യൂ ലിസ്റ്റിൽ തൊട്ടടുത്ത നമ്പറായി ഉൾപ്പെട്ടിട്ടുള്ള എന്നെ പരിഗണിക്കാതെ ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ശ്രീമതി. രശ്മി എസ്., ജില്ലാ എംപവർമെന്റ് ഓഫീസർ, ആലപ്പുഴ-യെ ക്രമ നമ്പർ 15 ആയി ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിലേക്ക് സ്ഥലംമാറ്റം നൽകിയിട്ടുള്ളതാണ്. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 25/06/2025-ലെ LSGD/PD/197198/2025-DEA2 ഉത്തരവ് പ്രകാരം ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിന്നും സെക്രട്ടറി തസ്തികയിലേക്ക് പ്രൊമോഷൻ ലഭിച്ചിട്ടുള്ള ശ്രീമതി. രശ്മി എസ്, സീനിയർ സെക്രട്ടറി/ സെക്രട്ടറി തസ്തികയിലെ അന്തിമ ക്യൂ ലിസ്റ്റിലോ അർഹരായ അപേക്ഷകരുടെ (Transfer Eligible – Applicants) ലിസ്റ്റിലോ ഉൾപ്പെട്ടിട്ടില്ല. സ്റ്റേഷൻ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അന്തിമ ക്യൂ ലിസ്റ്റിൽ നിന്നും മുൻഗണനാക്രമം അനുസരിച്ച് അടുത്തതായി പരിഗണിക്കേണ്ട എനിയ്ക്ക് ഞാൻ ആവശ്യപ്പെട്ടിട്ടുള്ള ഹരിപ്പാട്, മുതുകുളം ബ്ലോക്ക് പഞ്ചായത്തുകളിലേക്ക് സ്ഥലംമാറ്റം നൽകാതെ 25/06/2025 തീയതിയിൽ സ്ഥാനക്കയറ്റം ലഭിച്ച ഏറ്റവും ജൂനിയറായ ശ്രീമതി. രശ്മി എസ് -നെ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായി നിയമിച്ചതിനെതിരെ 03/09/2025 തീയതിയിൽ ബഹു. പ്രിൻസിപ്പൽ സെക്രട്ടറി മുൻപാകെ ഞാൻ അപ്പീൽ സമർപ്പിച്ചിരുന്നു. എന്നാൽ ടി അപ്പീൽ നിലനിൽക്കെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28/09/2025 തീയതിയിലെ LSGD/PD/1785/2025-DEA3 നമ്പർ ഉത്തരവ് പ്രകാരം എന്നെ വീയപുരം ഗ്രാമപഞ്ചായത്തിൽ നിന്നും എന്റെ താമസ സ്ഥലത്ത് നിന്നും 70 കിലോമീറ്റർ അകലെയുള്ള പട്ടണക്കാട് ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റിയിട്ടുള്ളതും ടി ഉത്തരവിലെ എന്റെ സ്ഥലംമാറ്റം 29/09/2025 തീയതിയിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA No. 1676/2025 കേസിലെ വിധിന്യായത്തിലൂടെ സ്റ്റേ ചെയ്തിട്ടുള്ളതും ഞാൻ നിലവിൽ വീയപുരം ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി തുടരുന്നതുമാണ്. ആയതിനാൽ എന്റെ അപ്പീൽ അപേക്ഷ പരിഗണിച്ച് ഞാൻ ആവശ്യപ്പെട്ടിട്ടുള്ള ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് എന്നെ പരിഗണിക്കണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു.*

ii) <u>ശ്രീമതി രശ്മി. എസ്. ഉന്നയിച്ച വാദങ്ങൾ</u>

*തദ്ദേശസ്വയംഭരണ വകുപ്പിൽ സെക്രട്ടറി തസ്തികയിൽ ജോലി ചെയ്യുന്ന എന്നെ കോട്ടയം ജില്ലയിലെ കുമരകം പഞ്ചായത്തിൽ നിന്നും 21/07/2025-ലെ LSGD/PD/20449/2025-DEA3 നമ്പർ ഉത്തരവ് പ്രകാരം ഡിസ്ട്രിക്ട് എംപവർമെന്റ് ഓഫീസറായി ആലപ്പുഴ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലേക്ക് മാറ്റി നിയമിക്കുകയുണ്ടായി. എന്നാൽ മാറ്റി നിയമിക്കപ്പെട്ട ഡിസ്ട്രിക്ട് എംപവർമെന്റ് ഓഫീസറുടെ തസ്തിക ഉയർന്ന തസ്തികയാണ് എന്നതിനാൽ എന്റെ സ്ഥലംമാറ്റ നിയമനം ക്രമപ്പെടുത്തി ശമ്പളം മാറാനാകാത്ത സ്ഥിതി ഉണ്ടായി. ഇതിനെ തുടർന്ന് 01/09/2025-ലെ LSGD/PD/1785/2025-DEA നമ്പർ ഉത്തരവ് പ്രകാരം എന്നെ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയാക്കി മാറ്റി നിയമിച്ചു. 08/09/2025-ൽ ഞാൻ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായി ചുമതല എടുക്കുകയും ചെയ്തു. ടി ഉത്തരവ് പ്രകാരം ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയാക്കി മാറ്റി നിയമിച്ചത് തികച്ചും ഭരണ സൗകര്യാർത്ഥമുള്ള ഒരു വകുപ്പുതല നടപടിയാണ്. ആയതിനാൽ മേൽ ഉത്തരവിൻ പ്രകാരം ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ ജോലി ചെയ്യുന്ന എന്നെ അവിടെ തുടരാൻ അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു.*

3) പരാമർശ വിഷയത്തിൽ പ്രിൻസിപ്പൽ ഡയറക്ടർ ചുവടെ പറയും പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

*ആലപ്പുഴ ജില്ലയിലെ വീയപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആയ ശ്രീമതി. സിന്ധു ബാലകൃഷ്ണൻ 2025 വർഷത്തെ പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കുകയും ടിയാൾ പൊതുസ്ഥലംമാറ്റം സംബന്ധിച്ച അന്തിമ ക്യൂ ലിസ്റ്റിൽ ക്രമ നമ്പർ (5) ആയി ഉൾപ്പെടുകയും ചെയ്തിരുന്നു. ടിയാൾ ഓപ്ഷൻ നൽകിയിട്ടുള്ളത് മുതുകുളം ബ്ലോക്ക് പഞ്ചായത്തിലേക്കും ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിലേക്കുമാണ്. ടിയാളുടെ Total Eligible Station Seniority Period : 2 Years 11 Months 26 Days, ആകെ – 1091 ദിവസമാണ്. ടി ലിസ്റ്റിലുള്ള ഒന്ന് മുതൽ നാല് വരെയുള്ള എല്ലാവരും 2025 ജനറൽ ട്രാൻസ്ഫർ അന്തിമ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും അവർക്ക് ട്രാൻസ്ഫർ ലഭിച്ചിട്ടുള്ളതുമാണ്. ക്യൂ ലിസ്റ്റിൽ തൊട്ടടുത്ത മുൻഗണനയുള്ളതിനാൽ 2025 ജനറൽ ട്രാൻസ്ഫർ അപേക്ഷയിൽ ടിയാൾ ആവശ്യപ്പെട്ടിട്ടുള്ള മുതുകുളം ബ്ലോക്ക് പഞ്ചായത്ത്, ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ ഭാവിയിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് പരിഗണിക്കുന്നതിനായി 31/07/2025-തീയതിയായി സിന്ധു ബാലകൃഷ്ണൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.*

*01/09/2025-ലെ LSGD/PD/1785/2025-DEA3 നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി. രശ്മി എസ് -നെ ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ജില്ലാ എംപവർമെന്റ് ഓഫീസർ തസ്തികയിൽ നിന്നും സ്ഥലംമാറ്റി ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിലേക്ക് നിയമിച്ചിട്ടുണ്ട്. ജില്ലാ എംപവർമെന്റ് ഓഫീസർ തസ്തിക സീനിയർ ആയിട്ടുള്ള വനിതാ സെക്രട്ടറിമാർക്ക് അർഹതപ്പെട്ട തസ്തികയാണ്. ശ്രീമതി. രശ്മി എസ് സീനിയർ സെക്രട്ടറി അല്ലാത്തതിനാൽ പ്രസ്തുത നിയമനത്തിനെതിരെ തദ്ദേശസ്വയംഭരണ വകുപ്പിലെ ഒരുകൂട്ടം ജീവനക്കാർ ഹർജി സമർപ്പിച്ച സാഹചര്യത്തിലാണ് ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിൽ നിയമനം നൽകിയിട്ടുള്ളത്. ആയതിനാൽ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിലേക്ക് സ്ഥലംമാറ്റം ആവശ്യപ്പെട്ടുകൊണ്ടുള്ള ശ്രീമതി. സിന്ധു ബാലകൃഷ്ണന്റെ ഹർജി പരിഗണനാർഹമാണ്.*

4) പരാമർശ വിഷയം സംബന്ധിച്ച് സെക്രട്ടറിമാരായ ശ്രീമതി സിന്ധു ബാലകൃഷ്ണൻ, ശ്രീമതി

രശ്മി എസ്. എന്നിവരുടെ വാദങ്ങളും പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (6) പ്രകാരമുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.

5) 2025 മേയ് മാസം 37 പേർ അടങ്ങുന്ന ഒരു ക്യൂ ലിസ്റ്റ് പ്രിൻസിപ്പൽ ഡയറക്ടർ തയ്യാറാക്കിയിരുന്നു. ഇതിൽ അഞ്ചാമതായിട്ടാണ് നിലവിൽ വീയപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീമതി സിന്ധു ബാലകൃഷ്ണനെ കാണുന്നത്. ടി ക്യൂ ലിസ്റ്റ് പ്രകാരം ജൂൺ 2025-ൽ ആദ്യത്തെ 4 പേർക്ക് സ്ഥലംമാറ്റം നൽകിയിട്ടുള്ളതാണ്.പ്രസ്തുത ക്യൂ ലിസ്റ്റ് നിലവിലുള്ള ഇക്കാലയളവിൽ ഹരിപ്പാട് ബ്ലോക്ക് സെക്രട്ടറി തസ്തികയിൽ ഒഴിവ് നിലവിൽ വരികയുണ്ടായി. ആഗസ്റ്റ് 2025 ന് നിലവിൽ വരുന്ന ഒഴിവിലേയ്ക്ക് പരിഗണിക്കണമെന്ന് കാണിച്ച് ശ്രീമതി സിന്ധു ബാലകൃഷ്ണൻ 31/07/2025 ൽ പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർക്ക് അപേക്ഷ നൽകുകയുണ്ടായി.

6) കോട്ടയം കുമരകം ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി ജോലി ചെയ്തിരുന്ന ശ്രീമതി രശ്മി. എസ്. -നെ സ്ഥലംമാറ്റി ആലപ്പുഴ ജില്ല എംപവർമെന്റ് ഓഫീസറായി പരാമർശം (1) പ്രകാരം നിയമിക്കുകയുണ്ടായി. ശ്രീമതി രശ്മിക്ക് 25/06/2025 ലാണ് സെക്രട്ടറിയായി സ്ഥാനക്കയറ്റം ലഭിക്കുന്നത്. ഇപ്രകാരം സെക്രട്ടറിയായി സ്ഥാനക്കയറ്റം ലഭിക്കുന്ന ജീവനക്കാരിയെ അവരുടെ കേഡറിന് മുകളിലുള്ള ഒരു കേഡർ തസ്തികയിലേക്കാണ് മാറ്റം നൽകിയിട്ടുള്ളതും ടി തസ്തികയിലെ ശമ്പള സ്കെയിൽ നിലവിൽ ശ്രീമതി രശ്മി വഹിക്കുന്ന തസ്തികയ്ക്ക് സമാനമല്ലാത്തതുമാണ്. ഇവിടെ മനഃപൂർവ്വമല്ലാത്തതോ ആയതോ ആയ തെറ്റ് സംഭവിച്ചതായി മനസ്സിലാക്കുന്നു. ആയതുകൊണ്ടുതന്നെ ശ്രീമതി രശ്മിക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ച ജില്ലാ എംപവർമെന്റ് ഓഫീസർ തസ്തികയിൽ തന്റെ സ്വന്തം തസ്തികയിലെ സ്കെയിലുള്ള ശമ്പളവും ആനുകൂല്യങ്ങളും ലഭിച്ചിട്ടില്ലാത്തതാണ്.

7) ക്യൂ ലസ്റ്റിന്റെ കാലാവധി നിലനിൽക്കുന്നതുകൊണ്ടുതന്നെ ശ്രീമതി സിന്ധു ബാലകൃഷ്ണൻ 31/07/2025 ൽ തൊട്ടടുത്ത് വരുന്ന ഒഴിവിലേയ്ക്ക്, തന്നെ പരിഗണിക്കണമെന്ന് കാണിച്ച് അപേക്ഷ നൽകിയിട്ടുള്ളതാണ്. ഈ അപേക്ഷ നിലനിൽക്കവേയാണ് പരാമർശം (3) നടപടിക്രമം പ്രകാരം ശ്രീമതി. രശ്മി എസ്.- നെ District Empowerment Officer സ്ഥാനത്തുനിന്നും മാറ്റി ഹരിപ്പാട് ബ്ലോക്ക് സെക്രട്ടറിയായി നിയമിച്ചിട്ടുള്ളത്. ഇവിടെ സീനിയോറിറ്റി പരിശോധിക്കുമ്പോൾ ശ്രീമതി സിന്ധു ബാലകൃഷ്ണൻ ശ്രീമതി രശ്മിയേക്കാളും സീനിയർ ആയതിനാൽ സ്ഥലംമാറ്റത്തിലും പ്രമോഷനുകളിലും നിലവിലെ നിയമപ്രകാരം (KS&SSR) പരിഗണിക്കപ്പെടേണ്ടത് ശ്രീമതി സിന്ധു ബാലകൃഷ്ണനാണെന്ന് കാണുന്നു.

8) മേൽ സാഹചര്യത്തിൽ, നിലവിലെ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് ശ്രീമതി സിന്ധു ബാലകൃഷ്ണന്റെ പരാമർശം (2) അപേക്ഷ പരിഗണിച്ചും ക്യൂ ലിസ്റ്റ് നിലനിൽക്കുന്ന കാലാവധിയിൽ വന്ന ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ ഒഴിവിൽ ടിയാളെ നിയമിക്കുന്നതിനും ശ്രീമതി രശ്മി എസ്. നെ ഉചിതമായ സ്റ്റേഷനിൽ നിയമിക്കുന്നതിനും പരാമർശം (5) ഉത്തരവിലെ ഖണ്ഡിക 10-ലെ വ്യവസ്ഥാനുസരണം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ/ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസറുടെ മുൻകൂർ അനുമതി തേടി തുടർ നടപടി സ്വീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകി ശ്രീമതി സിന്ധു ബാലകൃഷ്ണന്റെ പരാമർശം (2)

Annexure-A5 അപ്പീൽ തീർപ്പാക്കി ഉത്തരവാകുന്നു.

9) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (4) ഉത്തരവ് ഇപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
ശ്രീമതി സിന്ധു ബാലകൃഷ്ണൻ , സെക്രട്ടറി, വീയപുരം ഗ്രാമ പഞ്ചായത്ത്, ആലപ്പുഴ.
ശ്രീമതി. രശ്മി എസ്., സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, ഹരിപ്പാട്, ആലപ്പുഴ
അഡ്വക്കേറ്റ് ജനറൽ , കേരള , തിരുവനന്തപുരം *(ആമുഖ കത്ത് സഹിതം)*
വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (ഫയൽ നം. ഇപിബി1/231/2025-തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
Date: 04-11-2025 17:01:47
സെക്ഷൻ ഓഫീസർ